# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2711

12.03.2018 -ൽ മറുപടിക്ക്

## ജനസൗഹൃദമായ വില്ലേജ് ഓഫീസുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, കെ.എം.ഷാജി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ആധുനികവത്ക്കരിക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ വില്ലേജുകളുടെ ഭൗതിക സാഹചര്യവും കമ്പ്യൂട്ടർവത്ക്കരണവും സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ആധുനികവത്ക്കരിക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) വില്ലേജ് ഓഫീസുകളിൽ എത്തുന്ന അപേക്ഷകർക്കും പരാതിക്കാർക്കും സൗകര്യപ്രദമായി സേവനം പ്രദാനം ചെയ്യുന്നതിന് ജനസൗഹൃദമായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും, പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:**

**1. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ**

സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു.

**2. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**3. ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കുവാൻ കഴിയുന്ന സംവിധാനമാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1445 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**4. ആർ.ആർ ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

**5. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.